QP CODE: 22002362

22002362

Reg No : ....................

Name : ....................

# M A DEGREE (CSS) EXAMINATION , NOVEMBER 2022

## Second Semester

M A MALAYALAM

## CORE - ML010204 - MALAYALA NOVEL

2019 Admission Onwards

E7AEAEEE

Time: 3 Hours

Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. മലയാളനോവലിൻറെ ഉത്ഭവവും വളർച്ചയും സംഗ്രഹിക്കുക
2. "പരസ്പരം ഏററുമുട്ടുന്ന വിരുദ്ധസ്വരങ്ങളുടെ മണ്ഡലമാണ് ധർമരാജ" - പരിശോധിക്കുക
3. ചരിത്രപരമായ വളർച്ച "രണ്ടിടങ്ങഴിയിൽ കാണാൻ സാധിക്കും' വ്യക്തമാക്കുക
4. പാത്തുമ്മയുടെ ജീവിതത്തിൽ നിസാർ അഹമ്മദ് ചെലുത്തിയ സ്വാധീനം വ്യക്തമാക്കുക
5. "ഒറോത"യിൽ തെളിയുന്ന സാമൂഹികപശ്ചാത്തലം വിശദീകരിക്കുക
6. കരിക്കോട്ടക്കരിയിൽ ക്രിസ്ററ്യൻ കുടിയേററജീവിത പരിസരങ്ങൾ എത്രത്തോളം തെളിഞ്ഞു കാണുന്നു? വിലയിരുത്തുക
7. ജീവിതത്തോടുള്ള ആസക്തിയും വിരക്തിയും ഒരേ സമയം രവിയിൽ പ്രകടമാകുന്നതെങ്ങനെ?
8. രാഷ്ട്രീയവിമർശനം ശക്തമായി കൈകാര്യം ചെയ്യുന്ന നോവൽ എന്ന നിലയ്ക്ക് പിതാമഹൻറെ സമകാലികപ്രസക്തി വിവരിക്കുക
9. പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ ശബ്ദമായി "ആലാഹയുടെ പെൺമക്കൾ" വായിക്കാൻ കഴിയും. വിശദമാക്കുക
10. അയ്യാട്ടുമ്പിള്ളി എന്ന കുടുംബപ്പേരിന് കാരണമായ സംഭവവിവരണത്തിൽ നോവലിനുള്ള പ്രാധാന്യമെന്ത്

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ഇന്ദുലേഖ എന്ന നോവൽ ലക്ഷ്യം വയ്ക്കുന്ന സാമൂഹിക പരിവർത്തനം വിശദമാക്കുക

12. ജന്മി വ്യവസ്ഥയിൽ നിലനിന്നിരുന്ന അനീതിയും അക്രമവും രണ്ടിടങ്ങഴി എന്ന നോവലിൽ എപ്രകാരമാണ് ആവിഷ്കരിച്ചിരിക്കുന്നത്?

13. "സാമൂഹികാനുഭവത്തിൽ നിന്ന് വൈയക്തീകാനുഭവത്തിലേക്ക് സാഹിത്യം വഴി മാറി നടക്കുന്നതിൻറെ സൂചനകൾ'കാല'ത്തിൽ കാണാം." പരിശോധിക്കുക

14. തകർന്നു തുടങ്ങിയ തറവാട് എം.ടി.കൃതികളിലെ ദൃശ്യബിംബമാണ്." - നിരീക്ഷണം വിലയിരുത്തുക

15. വ്യാസനും വിഘ്നേശ്വരനും എന്ന നോവലിൽ നിഷാദപുരാണത്തിനുള്ള പ്രസക്തിയെന്ത്?

16. വിദ്യയെക്കുറിച്ചുള്ള അഭിമന്യുവിൻറെയും ഏകലവ്യൻറെയും കാഴ്ചപ്പാട് എപ്രകാരമാണ് ആനന്ദ് ആവിഷ്കരിക്കുന്നത്?

17. ആലാഹയുടെ പെൺമക്കളിലെ സ്ത്രീ,പരിസ്ഥിതി ദർശനം വിശകലനം ചെയ്യുക

18. ആധുനികതയുടെ സ്വത്വസംഘർഷത്തിൽ നിന്ന് വ്യത്യാസപ്പെട്ടു നില്ക്കുന്നതാണ് ഉത്തരാധുനികതയുടെ സ്വത്വസംഘർഷം. വിശദമാക്കുക

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. സ്ത്രീഹൃദയത്തിൻറെ ആഴങ്ങളിലേക്കുള്ള ഇറങ്ങിപ്പോക്കാണ് ഉറൂബിൻറെ കൃതികൾ - വിലയിരുത്തുക

20. ദളിത് സാഹിത്യചരിത്രത്തിലെ ആദ്യകാല രചനയായി "നെല്ലി"നെ പരിഗണിക്കാമോ? വിലയിരുത്തുക

21. ഖസാക്കിൻറെ ഇതിഹാസത്തിലെ സ്ത്രീകഥാപാത്രങ്ങളെ സ്ത്രീവാദസാഹിത്യസിദ്ധാന്തത്തിൻറെ വെളിച്ചത്തിൽ വിശകലനം ചെയ്യുക

22. 1950 കൾ വരെ കേരളത്തിൽ നിലനിന്നിരുന്ന ജാതി വിവേചനം മനുഷ്യന് ഒരു ആമുഖം എന്ന നോവലിൽ പ്രശ്നവല്ക്കരിക്കുന്നതെങ്ങനെ

(2×5= 10 weightage)